പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4297 — 19.10.2011-ൽ മറുപടിയ്ക്ക്

## കേരംസ് പ്രവർത്തന മേഖല വ്യാപിപ്പിക്കുന്നതിനുള്ള നിർദ്ദേശം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. സി. മോയിൻകുട്ടി | | ശ്രീ. കെ.സി. ജോസഫ്<br>(ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമവികസന വകുപ്പിനു കീഴിലെ കേരള റൂറൽ ഡെവലപ്മെന്റ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രവർത്തനമേഖല വ്യാപിപ്പിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | നടപ്പ് വർഷം കേരള റൂറൽ ഡെവലപ്മെന്റ് ആന്റ് മാർക്കറ്റിംഗ് സൊസൈറ്റിയ്ക്ക് പ്രവർത്തന മൂലധനം ലഭ്യമാക്കുന്നതിനും തിരുവനന്തപുരത്തെ ഗ്രാമശ്രീ സെയിൽസ് ഔട്ട്ലെറ്റിലെ ബില്ലിംഗ് കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുമുള്ള നിർദ്ദേശങ്ങൾ പരിഗണനയിലുണ്ട്. |
| (ബി) | ഗ്രാമീണ കൈത്തൊഴിലുകാർ, മഹിളാസമാജങ്ങൾ എന്നിവരെ സംഘടിപ്പിക്കുന്നതിനും അവർ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളെ മാർക്കറ്റിലെ ട്രെൻഡനുസരിച്ച് വൈവിദ്ധ്യവൽക്കരിക്കുന്നതിനും എന്തെങ്കിലും നടപടികൾ സൊസൈറ്റി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആ വിധത്തിൽ പ്രവർത്തനം വ്യാപിപ്പിക്കുമോ; | (ബി) | ഗ്രാമീണ ഉൽപാദകരുടെ ഉൽപ്പന്നങ്ങൾ വൈവിദ്ധ്യവൽക്കരിക്കുന്നതിനുള്ള നടപടികൾ സൊസൈറ്റി സ്വീകരിച്ചിട്ടില്ല. ഇതിന് അനുയോജ്യരായ ഉദ്യോഗസ്ഥ സംവിധാനം സൊസൈറ്റിക്ക് ഇല്ലാത്തതിനാൽ ആ വിധത്തിൽ പ്രവർത്തനം വ്യാപിപ്പിക്കാൻ കഴിയാത്ത അവസ്ഥയാണിപ്പോൾ. |
| (സി) | സ്വയം തൊഴിൽ ചെയ്യുന്നവർ, ഗ്രാമീണ കൈത്തൊഴിലുകാർ, മഹിളാസമാജക്കാർ എന്നിവരെ സംഘടിപ്പിക്കാൻ ജില്ലാടിസ്ഥാനത്തിൽ നിലവിലുള്ള സംവിധാനമെന്താണെന്ന് വിശദമാക്കുമോ; | (സി) | സ്വയം തൊഴിൽ ചെയ്യുന്നവർ, ഗ്രാമീണ കൈത്തൊഴിലുകാർ, മഹിളാ സമാജങ്ങൾ എന്നിവരെ സംഘടിപ്പിക്കുന്നതിന് ജില്ലാ തലത്തിൽ സംവിധാനങ്ങളൊന്നും നിലവിലില്ല. ഇത്തരം സ്വയം തൊഴിൽ സംരംഭകരുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനും അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുന്നതിനും മറ്റ് അനുബന്ധ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് |

| | | | |
|---|---|---|---|
| | | | ജില്ലാതല സപ്ലൈ ആന്റ് മാർക്കറ്റിംഗ് സൊസൈറ്റികൾ രൂപീകരിച്ചിരുന്നു. എന്നാൽ ഈ സൊസൈറ്റികൾ ഇപ്പോൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല |
| (ഡി) | ഇവർ മുഖേന ഗുണനിലവാരമുള്ള ഉൽപന്നങ്ങൾ ഉൽപാദിപ്പിച്ച് ഗ്രാമശ്രീ മുഖേന വിദേശമാർക്കറ്റുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം നടത്തുമോ? | (ഡി) | ഗ്രാമശ്രീയുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്ന അവസരത്തിൽ ഇക്കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ